ആധുനികമലയാളഗദ്യത്തിന്റെ ആദ്യമാതൃകകൾ

അഥവാ

വൈയാകരണൻ ഗീവറുഗീസുകത്തനാരും അദ്ദേഹത്തിന്റെ ഗദ്യകൃതികളും.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്)

V.

ദിവ്യശ്രീ ഗീവറുഗീസുകത്തനാർ അവർകൾ മാതൃഭാഷാതറവാട്ടിൽപെട്ട ചില പഴയ പദങ്ങൾക്കു സൗന്ദര്യം അല്പം കുറവാണെന്നുവച്ച് അവയുടെ നേരെ അല്പവും അനാദരം ഭാവിച്ചിരുന്നില്ലെന്നു നാം മുമ്പു കണ്ടുവല്ലോ. എന്നാൽ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാവട്ടെ, ആ വക പഴയ പദങ്ങൾക്ക് എന്തോ ഒരു പാതിത്യമോ, അശുദ്ധിയോ ഉണ്ടെന്നു സങ്കല്പിച്ച് അവയെ സ്വകൃതികളിൽനിന്നു നിശ്ശേഷം അട്ടിപ്പായിക്കയാണു ചെയ്തിട്ടുള്ളതെന്ന് അത്യന്തം വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. പക്ഷേ ഗീവറുഗീസുകത്തനാർ അവർകളുടെ ഒരു പദ്ധതിയെ ആദരിക്കമാറു മഹാകവി വള്ളത്തോൾ നാരായണമേനോൻ അവർകൾതന്നെ, പള്ളാരിമ്പ്രപരിഹാരാർത്ഥം, പട്ടാങ്ങ, ഏനം, ഉരിയാടി എന്നിങ്ങനെയുള്ള പഴയ മലയാളപദങ്ങൾക്കു സ്വകൃതിയിൽ സ്വാഗതം അരുളീട്ടുള്ളതു പലതുകൊണ്ടും ശുഭസൂചകമത്രെ. മലനാട്ടുഭാഷയായ മലയാളത്തിന്റെ മഹിമ തെളിയിപ്പാൻ പുറപ്പെട്ടിട്ടുള്ള മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമേനിയും മറഞ്ഞുകിടന്നിരുന്ന മലയാളപദങ്ങളെ മതിതെളിഞ്ഞു മാനിച്ചിരിക്കുന്നതായി "ഭൂതരായർ" കഥ മൂലം വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പഴയ താളിയോലഗ്രന്ഥങ്ങളിലും ചില മതഗ്രന്ഥങ്ങളിലും കാണുന്നതായ "പറഞ്ഞൊപ്പു" (വാഗ്ദാനം) വഴിപാട്ട് (വംശം) മുഴുതം (മുററം—സർവ്വം) അള്ളുള്ളം (പരിഭ്രമം) പുറവാളർ (സമീപസ്ഥർ) പടാത്ത (ഉപദേശപൂർവ്വമായ പ്രസംഗം) ഉപവി (സ്നേഹം) തേററം (വിശ്വാസം) ദിഷ്ടതി (ദിനചര്യ) നിരപ്പു (രഞ്ജന) എന്നിത്യാദി ശുദ്ധ മലയാളപദങ്ങൾ സർവ്വപ്രകാരേണയും സ്വീകാര്യയോഗ്യങ്ങളാണെന്ന് ഇപ്പോൾ ഏതാണ്ടു പലർക്കും ബോദ്ധ്യമായിട്ടുണ്ട്.

കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെയും ഗീവറുഗീസുകത്തനാർ അവർകളുടെയും സാഹിത്യ പരിശ്രമങ്ങളുടെ വലുപ്പച്ചെറുപ്പത്തെ അളക്കുന്നതിനുള്ള മാനദണ്ഡം അവരുടെ ജീവിതകാലമാണെന്നുള്ളതിൽ ഭിന്നാഭിപ്രായത്തിനു വകയില്ലല്ലോ. കത്തനാർ അവർകളുടെ ഗ്രന്ഥനിർമ്മാണകാലം കൊല്ലവർഷം 1020–നും, 1040–നും മദ്ധ്യേയാണെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ട്. ഇക്കാലത്തു തിരുവിതാംകൂറിൽ ഉണ്ടായിരുന്ന സർക്കാർ ഇംഗ്ലീഷു–മലയാളവിദ്യാലയങ്ങളുടെ എണ്ണം കേവലം പതിനേഴു മാത്രമായിരുന്നു എന്ന് ഓർമ്മിക്കണം. 1040–ാമാണ്ട് ഈ വിദ്യാലയങ്ങളിൽ ആകെക്കൂടി പഠിച്ചിരുന്നവരുടെ സംഖ്യതന്നെയും 1125 മാത്രമായിരുന്നു. ആണ്ടുരജിസ്റ്റർ എഴുനൂററി എട്ടും.

1040–ാമാണ്ടത്തെ രാജ്യഭരണറിപ്പോർട്ടിൽനിന്നു തിരുവിതാംകൂറിലെ അന്നത്തെ വിദ്യാഭ്യാസനിലയെപ്പററി ഇത്രയും വിവരങ്ങൾ ഇവിടെ പ്രസ്താവിച്ചതു്, ഗീവറുഗീസുകത്തനാർ അവർകളുടെ ചുററുമുണ്ടായിരുന്ന ജനസമൂഹത്തിന്റെ മനോഗതിയെയും വിദ്യാഭ്യാസവിഷയത്തിൽ അവർക്കു പൊതുവേ ഉണ്ടായിരുന്ന അനാസ്ഥയെയും പററി വായനക്കാർക്ക് ഒരു സാമാന്യബോധം ജനിപ്പിപ്പാൻ മാത്രമാ[illegible] സാഹിത്യകൃതികളെ ആദരിക്കുന്നതിനോ, അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളെ അഭിനന്ദിക്കുന്നതിനോ, അദ്ദേഹത്തെ ശരിയായ നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനോ തക്ക ഒരു അന്തരീക്ഷം ഇവിടെ ഉണ്ടായിരുന്നില്ല. വർത്തമാനപ്പത്രങ്ങൾ അന്ന് ഇവിടെ ഇല്ലായിരുന്നു. സാഹിത്യവിഷയമായി സഭകൾ കൂട്ടുന്നതിനെ സംബന്ധിച്ചു ജനങ്ങൾക്കു യാതൊരറിവും ഉണ്ടായിരുന്നില്ല. കവികളെക്കൊണ്ടു എഴുത്തുകാരെക്കൊണ്ടോ നിർമ്മിക്കുന്നതിനും അവരെ വിജ്ഞാനസമ്പന്നരാക്കുന്നതിനും ഒരു വറുഗീസുമാപ്പിള അന്നു സാഹിത്യരംഗത്തിൽ കാൽവച്ചിരുന്നില്ല. ഗ്രന്ഥപാരായണതല്പരന്മാരുടെ കഥ പോയിട്ടു, ശരിയായിട്ടു കൂട്ടിവായിപ്പാൻ അറിയാവുന്നവരുടെ സംഖ്യതന്നെയും വളരെ ചുരുക്കമായിരുന്നു. 1042–ാമാണ്ട് ആയില്യം തിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട് ഏർപ്പെടുത്തിയതായ ബുക്കുകമ്മട്ടിയിലെ അദ്ധ്യക്ഷൻ ഉൾപ്പെട്ട മൂന്നു മെമ്പറന്മാരിൽ ഒരാളായ (വലിയകോയിത്തമ്പുരാൻ അന്നു ബുക്കുകമ്മട്ടിയിലെ അംഗമല്ലായിരുന്നു.) രാമൻതമ്പി അവർകൾതന്നെയും "Lying in Hospital" എന്നതിനു "ആശുപത്രിയിൽ കിടമുറ കിടക്കുക" എന്നാണു തർജ്ജമ ചെയ്തതെന്നു കേൾക്കുമ്പോൾ 1040–ാമാണ്ടിനു മുമ്പുള്ള കഥയെ സംബന്ധിച്ച് ഒന്നുംതന്നെ പറയാതിരിക്കയാണല്ലോ ഭംഗി. ഇങ്ങനെ തന്റെ ചുററുമുള്ള ലോകംതന്നെയും പൊതുവെ ഇരുണ്ടിരുന്ന ഒരു കാലത്തു—വഴി നടത്താൻ ആളോ, പ്രോത്സാഹിപ്പിപ്പാൻ മഹാരാജാവോ, അഭിനന്ദിപ്പാൻ ജനസമൂഹമോ, ആദരിപ്പാൻ സഹൃദയന്മാരോ ഇല്ലാതിരുന്ന ആ പഴയ കാലത്ത്—പ്രതിഫലേച്ഛാരാഹിത്യത്തോടുകൂടി മാതൃഭാഷാസാഹിത്യ പരിപോഷണത്തിനായി പിന്തുണയില്ലാതെ ഇറങ്ങിപ്പുറപ്പെട്ട ഗീവറുഗീസുകത്തനാർ അവർകളോ, മേല്പറഞ്ഞ യാതൊരു പ്രതിബന്ധങ്ങളും കൂടാതെ അനുദിനം അഭിവൃദ്ധി പ്രാപിച്ചുവന്നതായ അനുകൂലസാഹചര്യങ്ങളിൽ വിഹരിച്ചു ഭാഷാപോഷണം ചെയ്ത കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമേനിയോ ആരാണു കൈരളീദേവിക്കുവേണ്ടി കഷ്ടപ്പെടുകയും അവളെ ഉള്ളഴിഞ്ഞു സ്നേഹിക്കുകയും ചെയ്തിട്ടുള്ളതെന്നു വായനക്കാർതന്നെ വിധിച്ചുകൊള്ളട്ടെ.

കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷാപോഷണാർത്ഥം ചെയ്തിട്ടുള്ള നിരവധി കൃത്യങ്ങളെ വിസ്മരിച്ചിട്ടല്ല ഈ എഴുത്തുകാരൻ കത്തനാർ അവർകളുടെ സാഹിത്യപരിപോഷണശ്രമങ്ങളെ സംബന്ധിച്ചു പ്രസ്താവിക്കുന്നതെന്നു വായനക്കാർ ഇവിടെ പ്രത്യേകം ധരിപ്പാനുള്ളതാണ്. രണ്ടുപേരും ഏതേതു കാലഘട്ടങ്ങളിൽ എന്തെന്തു സാഹചര്യങ്ങളിലാണു ഭാഷാപോഷണാർത്ഥം ശ്രമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കണമെന്നേ എനിക്ക് ഉദ്ദേശ്യമുള്ളു. ഈ ഒരു നിലയിൽ മാത്രമാണു രണ്ടുപേരുടെയും ഭാഷാപോഷണശ്രമങ്ങളുടെ ന്യൂനാധികഭാവത്തെ ഞാൻ തുലനം ചെയ്തിട്ടുള്ളതും. ഗീവറുഗീസുകത്തനാർ അവർകളെ കേരളവർമ്മ വലിയകോയിത്തമ്പുരാൻതിരുമനസ്സിലെ ശിരസ്സിൽ പ്രതിഷ്ഠിക്കണമെന്നോ, പ്രതിഷ്ഠിക്കാമെന്നോ ഈ എഴുത്തുകാരനു ലേശവും വിചാരമില്ല. എന്നാൽ കേരളവർമ്മവലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു കേരളഗദ്യസാഹിത്യപോഷണത്തിനായി പുറപ്പെടുംമുമ്പു് ആധുനികമലയാളഗദ്യത്തിന് ആദ്യമാതൃകസ്ഥാനം വഹിക്കുന്നതായ ഒരു നവീനഗദ്യപ്രസ്ഥാനം—അഥവാ ഒരു പുതിയ ഗദ്യരീതി—ഗീവറുഗീസുകത്തനാർ അവർകളുടെ പേനാത്തുമ്പിൽനിന്നാണു പ്രവഹിച്ചിട്ടുള്ളതെന്ന വാസ്തവം കത്തനാർ അവർകൾ ചരമം പ്രാപിച്ച് 58 വർഷം കഴിഞ്ഞിരിക്കുന്നതായ ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന ഇന്നത്തെ മലയാളികൾ അറിഞ്ഞിരിക്കേണ്ടതുതന്നെയാണെന്ന് ഈ എഴുത്തുകാരന് ആഗ്രഹമുണ്ട്. ഞാൻ ഈ പറയുന്നതു യഥാർത്ഥം തന്നെയോ എന്നു പരിശോധിച്ചറിയണമെന്ന് ആകാംക്ഷയുള്ളവർക്കു കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ഏതെങ്കിലുമൊരു ഗദ്യഖണ്ഡികയുമായി തട്ടിച്ചുനോക്കേണ്ടതിലേക്കു കത്തനാർ അ[illegible]ഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"അഖിലാണ്ഡത്തിന്റെ കർത്താവായ മഹാദൈവത്തെ തേജോമയൻ എന്ന് എണ്ണുവാറുള്ളതാകുന്നു. എന്നാൽ വേദാന്തം അവനെ കുത്സിതൻ എന്നു വിചാരിപ്പാൻ സംഗതി വരുത്തുന്നു. ദൈവം ലോകത്തിലുള്ള ജീവജന്തുക്കൾ മുതൽ സർവ്വവുമാകുന്നു എന്നു നിങ്ങൾ പറയുന്നു. ആകയാൽ അവൻ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളുമാവുന്നു. അവൻ പർവ്വതങ്ങളും നദികളുമാവുന്നു. അവൻ സമുദ്രമാവുന്നു. അവൻ വൃക്ഷങ്ങളും സസ്യങ്ങളുമാവുന്നു. അവൻ പുഷ്പങ്ങളും ഫലമൂലാദികളുമാവുന്നു. അവൻ സകല മനുഷ്യരുമാവുന്നു. അവൻ ബ്രാഹ്മണനും വൈശ്യരും മാത്രമല്ല, അവൻ പുലയൻ, പറയൻ മുതലായ ചണ്ഡാളനുമാകുന്നു. അവൻ ജ്ഞാനിയായ മനുഷ്യൻ മാത്രമല്ല, സ്ത്രീപുരുഷന്മാരിലേക്ക് എത്രയും ഹീനനായ കള്ളനും ദുഷ്ടനുമാകുന്നു. ഇതു നമുക്കു വിശ്വസിക്കാമോ? അവൻ എല്ലാ ജീവജന്തുവുമാകുന്നു. സിംഹവും ആനയും കുതിരയും മാത്രമല്ല ബുദ്ധിയുള്ള ഓനായ്യ (ചെന്നായ്യ)മാവുന്നു. അവൻ എരുതും മാനുമാകുന്നു. അവൻ ഗൌളിയും, തേളും, ചീങ്കണ്ണിയും, പഴുതാരയുമാകുന്നു..........എന്നാൽ വേദാന്തമതം സത്യമാകുന്നു എങ്കിൽ ഇതൊക്കയും, ഇതിലധികവും ബ്രഹ്മം ചെയ്യുന്നുവെന്നും, ബ്രഹ്മമല്ലാതെ മറെറാരുമില്ലെന്നും വരും. ദൈവത്തെ നാം ബഹുമാനത്തോടു വിചാരിപ്പാനുള്ളതാകുന്നു എന്ന് ഉപനിഷത്തുകളിലും കല്പിച്ചിരിക്കുന്നതാകയാൽ അവനെ ഇത്ര നികൃഷ്ടാവസ്ഥയിൽ ഇരിക്കുന്നവനായും, ഇത്ര നീചപ്രവൃത്തികളെ ചെയ്യുന്നവനുമായും നമുക്കു വിചാരിക്കാവതല്ല.......ഈ മതത്തിനു വിരോധമായി മറെറാരു യുക്തിയുള്ളതു് അതു സമീക്ഷയും ആത്മാവും തമ്മിൽ വ്യത്യാസപ്പെടുത്താതിരിക്കുന്നു എന്നതുതന്നെ. ആയവ ലക്ഷണങ്ങളിൽ തീരെ അസംബന്ധമായിരിക്കുന്നു എങ്കിലും ഈ മതപ്രകാരം രണ്ടും ഒരു വസ്തു ആകുന്നു. അതായതു ദൈവതത്ത്വം തന്നെ. മൂലത്തേയും സ്വഭാവത്തെയും സംബന്ധിച്ച് ഇതു സകല വസ്തുക്കളേയും ഒന്നാക്കുന്നു. സചേതനങ്ങളേയും നിശ്ചേതനങ്ങളേയും ഏകീകരിക്കുന്നു. എല്ലാം ബ്രഹ്മം തന്നെ. കുശവനും കുടങ്ങളും സമമാകുന്നു. മൂശാരി താൻ വാർക്കുന്ന ഓട്ടുപാത്രങ്ങളെക്കാൾ മുന്തിയവനല്ല. കൊല്ലൻ തന്റെ അടകല്ലിനേയും മുട്ടികയെയുംകാൾ വിശേഷപ്പെടുന്നില്ല. നെയ്ത്തുകാരനും അവന്റെ തറിയും തമ്മിൽ ഉത്ഭവത്തിൽ ഭേദം ഇല്ല. അങ്ങനെതന്നെ വെടിക്കാരനും തോക്കും, വള്ളക്കാരനും വള്ളവും, ആശാരിയും മരവും എല്ലാം സമമാകുന്നു. സകലവും ഉണ്ടായിരിക്കുന്ന സാധനം ബ്രഹ്മമാകുന്നു. ഇതു ശരിയോ? ഈ പ്രപഞ്ചത്തിലെ വസ്തുക്കൾ എല്ലാം ഇങ്ങനെ തുല്യമായിരിക്കുന്നുവോ? പ്രയോഗംകൊണ്ട് എന്നപോലെ സ്വഭാവത്തിലും ചില വസ്തുക്കൾ മററു ചിലതിൽ ശ്രേഷ്ഠമായിരിക്കുന്നില്ലയോ? ചിലതു സാമാന്യമായിരിക്കുമ്പോൾ ചിലതു വിശേഷമായിരിക്കുന്നില്ലയോ? കാര്യം അങ്ങനെ ആകുന്നു എന്നു നാം അറിയുന്നു. വിശേഷാൽ മനുഷ്യാത്മാക്കൾ തങ്ങളുടെ ധീശക്തികളാലും അറിവു ലഭിക്കുന്നതിനുള്ള പാത്രതയാലും നാം വസിക്കുന്ന ഭൂമിയെക്കാൾ തുലോം ശ്രേഷ്ഠന്മാരാകുന്നു എന്നു നാം സമ്മതിക്കുന്നു."

"ആദിത്യചന്ദ്രന്മാരും മററു ഗോളങ്ങളും ഭൂമിയിൽനിന്ന് ഇത്രയകലെ നിൽക്കുന്നുവെന്നു ഗണിച്ചറിയുന്നതു യൂറോപ്പു ജ്യോതിഷക്കാർ പാറല്ലാക്സെന്നു പറയുന്ന ഒരു പ്രമാണം മുഖാന്തരമാകുന്നു. ആദ്യംതന്നെ പാറല്ലാക്സെന്നതു് എന്തെന്നുള്ളതിനെപ്പററി വിവരിക്കാം. ഒരാൾ തന്റെ വലത്തുകൈ മുൻപോട്ടു നല്ലവണ്ണം നീട്ടി ചൂണ്ടാണിവിരൽ അസ്സാരം പൊക്കി പിടിച്ചുംകൊണ്ടു താൻ നിൽക്കുന്ന മുറിയിൽ തനിക്കു നേരെയുള്ള ചുവരിന്മേൽ ഇടത്തുകണ്ണടച്ചുംകൊണ്ടു വലത്തേതുകൊണ്ടു നോക്കിയാൽ ആ ചുവരിൽ ഒരു സ്ഥലം ചൂണ്ടാണിവിരൽകൊണ്ടു മൂടിയിരിക്കുന്നപ്രകാരം കാണും. എന്നാൽ വലത്തുകണ്ണടച്ചുംകൊണ്ട് ഇടത്തേതുകൊണ്ട് ഇപ്രകാരം നോക്കിയാൽ മുൻപേ ചൂണ്ടാണിവിരൽകൊണ്ടു മറഞ്ഞിരുന്ന സ്ഥലത്തിനു തുലോം വലത്തോട്ടു മാറി മറെറാരു സ്ഥലം ഇപ്പോൾ മറഞ്ഞിരിക്കുന്നതായി കാണും. ഇങ്ങനെ മറഞ്ഞിരിക്കുന്നതായി കണ്ട സ്ഥലം രണ്ടിനും ചൂണ്ടാണിവിരലിനും ഇടയിലുള്ള കോണെങ്കിലും, അതിനോടു ശരിയായിട്ടു തന്നെ കണ്ണു രണ്ടിനും, ചൂണ്ടാണിവിരലിനും ഇടയിലുള്ള കോണെങ്കിലും പാറല്ലാക്സെന്നു വിളിക്കപ്പെടും............... രണ്ടു സ്ഥലത്തുനിന്ന് ഒരു വസ്തുവിനെ നോക്കിക്കാണുമ്പോൾ ആ വസ്തുവിന് ഈ രണ്ടു സ്ഥലത്തുനിന്നുമുള്ള അകലം എത്രമേൽ കുറഞ്ഞും ഈ സ്ഥലങ്ങൾ തമ്മിലുള്ള അകലം എത്രമേൽ ഏറയുമിരിക്കുമോ അത്രമേൽ പാറല്ലാക്സെന്ന കോണിനു വിസ്താരം കൂടിയിരിക്കുമെന്നുള്ളതു മുൻപെ പറഞ്ഞിരിക്കുന്നതിൽനിന്ന് എളുപ്പത്തിൽ ഗ്രഹിക്കാവുന്ന[illegible]."

ചുരുക്കത്തിൽ:—മല[illegible]ഷയ്ക്ക് ആദ്യമായി സ്വഭാഷയിൽ ഒരു വ്യാകരണഗ്രന്ഥം നിർമ്മിക്കയും, മലയാളഭാഷയിൽ ആദ്യമായി വിജ്ഞാനപ്രദങ്ങളായ ഉപന്യാസങ്ങൾ മാസികാമാർഗ്ഗേണ പ്രസിദ്ധപ്പെടുത്തുകയും, മലയാളഭാഷയ്ക്കു നവീനഗദ്യരീതിയിൽ ഒരു സന്മാർഗ്ഗികഗ്രന്ഥം പ്രദാനം ചെയ്കയും, മലയാളഭാഷയിൽ ആദ്യമായി ശാസ്ത്രീയഗ്രന്ഥങ്ങൾ തർജ്ജമ ചെയ്കയും, മലയാളഭാഷയിൽ ആദ്യമായി ഗ്രന്ഥവിമർശനം ആരംഭിക്കയും, മലയാളഭാഷയിൽ ആദ്യമായി രാഷ്ട്രീയലേഖനങ്ങൾ എഴുതുകയും, മലയാളിസമുദായത്തിന്റെ വലിപ്പം, വളർച്ചയ്ക്കും വേണ്ടി മരുമക്കത്തായത്താലുള്ള ദോഷങ്ങളേയും ആളോഹരിഭാഗത്തിന്റെ ആവശ്യകതയെയും കുറിച്ച് അറുപത്തിനാലു കൊല്ലങ്ങൾക്കു മുമ്പ് ആദ്യമായി ഒരു ദീർഘപ്രബന്ധം രചിക്കയും, തിരുവിതാംകൂർജ്ജനതയുടെ വിദ്യാഭ്യാസവിഷയമായ മാനസികപരിഷ്കാരത്തിനുവേണ്ടി അവതിലധികം വേല ചെയ്കയും ചെയ്ത ഒരു കേരളീയസന്താനമായ ദിവ്യശ്രീ ഗീവറുഗീസുകത്തനാരവർകളുടെ ഭാഷാസാഹിത്യപരിപോഷണശ്രമങ്ങളെ അളക്കുകയും, വിലമതിക്കുകയും ചെയ്യുന്നതിനുള്ള ശരിയായ തുലാക്കോൽ, അദ്ദേഹത്തിന്റെ ജീവിതകാലവും പരിതഃസ്ഥിതികളും സ്വന്തം ഗദ്യകൃതികളുമാണെങ്കിൽ, ആധുനികമലയാളഗദ്യത്തിന്റെ ആദ്യമാതൃകാപ്രദർശകൻ എന്നുള്ള അനശ്വരബിരുദം, അദ്ദേഹത്തിന്റെ പൂജനീയനാമധേയത്തോടുകൂടി, മലയാളഭാഷ ഉള്ള കാലത്തോളം സ്ഥിതിചെയ്യുന്നതാണെന്നും, അതിനെ മായിച്ചുകളയുന്നതിനോ, മറച്ചുവയ്ക്കുന്നതിനോ, തട്ടിപ്പറിക്കുന്നതിനോ സ്വാർത്ഥമാത്രപരനായ ഏതൊരു വിമർശകനും, ഏതൊരു ഭാഷാചരിത്രകാരനും സുസാധ്യമല്ലെന്നും മാത്രമേ എനിക്ക് ഈ അവസരത്തിൽ പറവാനുള്ളു. എന്തെന്നാൽ, ആധുനികഭാഷാചരിത്രകാരന്മാരുടെ നേരേ ഒരു ഉററിയ മന്ദഹാസം ചൊരിഞ്ഞുകൊണ്ടു വൈയാകരണൻ ഗീവറുഗീസുകത്തനാരുടെ സാഹിത്യകൃതികൾ, ചില കേരളീയഗൃഹങ്ങളിലെ അലമാരികളിൽ ഇന്നും സജീവവായ്പോടുകൂടിത്തന്നെ സ്ഥിതിചെയ്തുപോരുന്നുണ്ടെന്നുള്ള രഹസ്യം ഒരു രഹസ്യമല്ലല്ലോ.

ആർക്കിമിഡീസ്.